**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4968** **04-07-2024 - ൽ മറുപടിയ്ക്ക്**

**പുലിമല പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ വടക്കുംഭാഗം റോഡിലെ പുലിമല പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ തൃക്കാരിയൂർ-വടക്കുംഭാഗം റോഡിലെ പുലിമലപാലത്തിന്റെ പുനർനിർമ്മാണത്തിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് ഡിസൈൻ വിങ്ങിലേക്ക് നൽകിയിട്ടുണ്ട്.ടെൻറ്റേറ്റിവ് ജനറൽ ഡിസൈൻ ഡ്രോയിങ്,ഡിസൈൻ വിങ്ങിൽ നിന്നും തയ്യാറാക്കിയതിൽ പാലത്തിന്റെ അലൈൻമെന്റ് straight ആയിട്ടാണ് നിർദേശിച്ചിരുന്നത്. എന്നാൽ കോതമംഗലം ഭാഗത്ത് നിന്ന് വരുന്ന വാഹനങ്ങൾക്ക് സുഗമമായ ഗതാഗതത്തിന്, നാഗഞ്ചേരി - വടക്കുംഭാഗം റോഡിലേക്ക് തിരിഞ്ഞു പാലത്തിന്റെ അലൈൻമെന്റ് skew ആയിട്ട് നൽകണമെന്ന് നാട്ടുകാരും പഞ്ചായത്ത് പ്രതിനിധികളും നിരന്തരം ആവശ്യമുന്നയിച്ചിരുന്നു. അതിനാൽ പ്രധാന റോഡിനോട് ചേർന്നുള്ള അലൈമെന്റിലേക്ക് ചെറിയ skew നൽകികൊണ്ട് പാലത്തിന്റെ പുതുക്കിയ ഡിസൈൻ ഡ്രോയിങ് എത്രയും വേഗം തയ്യാറാക്കുന്നതിന് ഡിസൈൻ വിങ് നടപടി സ്വീകരിച്ചുവരുന്നു. പാലത്തിന് നൽകേണ്ട horizontal & vertical clearance മായി ബന്ധപ്പെട്ട അനുമതി ജലസേചന വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ജനറൽ ഡിസൈൻ ഡ്രോയിംഗ് തയ്യാറായാൽ ഉടൻ ഭരണാനുമതിക്കായുള്ള തുടർനടപടികൾ സ്വീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ